നിയമത്തിനൊന്നും ഭേദഗതി വരേണ്ട ആവശ്യമില്ല. കെ.ജി.എസ്.റ്റി-യിൽ സെക്ഷൻ 10 അനുസരിച്ച് നോട്ടിഫിക്കേഷനേ ആവശ്യമുള്ളൂ. അതേ നോട്ടിഫിക്കേഷൻ കൊണ്ട് ചെയ്യാവുന്നതാണ്. പക്ഷേ, ഈ പർചേയ്സ് ടാക്സ് കച്ചവടക്കാരനാണ് കൊടുക്കേണ്ടത്. കൃഷിക്കാരനല്ല. പക്ഷേ, കൃഷിക്കാരന്റെ കയ്യിൽ നിന്നും വാങ്ങുന്നു എന്നാണ് ഇവിടെ ഗൗരവ മായ ഒരു പ്രശ്നം വന്നിരിക്കുന്നത്. നിശ്ചയമായും അത് കൃഷിക്കാർ കൊടുക്കേണ്ട ടാക്സ് അല്ല. പർചേയ്സ്കാരൻ കൊടുക്കേണ്ട ടാക്സ് ആണ്. ആ ടാക്സ് വിട്ടുകൊടുത്താൽ ഗുണം കിട്ടാൻ പോകുന്നത് ആ വാങ്ങുന്ന കച്ചവടക്കാരനാണ്. അല്ലാതെ ഉൽപ്പാദകനല്ല. പക്ഷേ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതാണല്ലോ; അവിടത്തെ ടാക്സ് കളക്ഷൻ മെത്തേഡ് കൊണ്ട് അത് വന്നുപെടുന്നത് കൃഷിക്കാരന്റെ ഭാരത്തിലാണ് എന്നും പറഞ്ഞു. അത് അന്വേഷിക്കാം. വയനാട്ടിലെ ഈ വില കമ്മിയായിട്ടുള്ള കൃഷിയുടെ എല്ലാ വശവും നല്ലതുപോലെ പരിശോധിക്കും. കാപ്പിക്കൃഷിയുടെ വില ഇടിഞ്ഞു. കാപ്പിയുടെ വില ഇടിഞ്ഞതും ഇഞ്ചിയുടെ നികുതിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളും ഈ കാര്യങ്ങൾ പ്രത്യേകമായി ഗവൺമെന്റ് പഠിച്ച് ഇത് തിരുത്തുവാനുള്ള യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്. ഗവൺമെന്റിന് അതിന് അധികാരമുണ്ട്. എസ്.റ്റി. ആക്റ്റ് ഭേദഗതി ചെയ്യേണ്ട; ഒരു നോട്ടിഫിക്കേഷനേയുള്ളൂ. ആ നോട്ടിഫിക്കേഷൻ വച്ച് ചെയ്യാവുന്നതാണ്. അത് പരിശോധിച്ച് ചെയ്യാം.

(5) ആറാട്ടുപുഴ പഞ്ചായത്തിൽ ലഭ്യമായ ഇൽമനൈറ്റ് ഉപയോഗിച്ച് സംയുക്ത മേഖലയിൽ വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്നതിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച്

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിൽപ്പെട്ട ആറാട്ടുപുഴ പഞ്ചായത്തിൽ സുലഭമായി ലഭ്യമായിട്ടുള്ള ഇൽമനൈറ്റ് ഉപയോഗിച്ച് വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുന്നതിനുള്ള ഒരു സ്ഥാപനം സംയുക്ത മേഖലയിൽ ആരംഭിക്കുന്നതിനായി ഗവൺമെന്റിൽ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെയും ഐ.ആർ.ഇ.യുടെയും കെ.എം.എം.എൽ.ന്റെയും പങ്കാളിത്തത്തോടുകൂടിയ 400 കോടി രൂപ മുതൽമുടക്കുള്ള ഒരു പ്രോജക്റ്റിനാണ് ഗവൺമെന്റിന്റെ അംഗീകാരം കൊടുത്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കൊല്ലം ജില്ലയുടേയും, ആലപ്പുഴ ജില്ലയുടേയും തീരപ്രദേശങ്ങളിൽ സുലഭമായിട്ടുള്ള ധാതുമണലാണ് ഇൽമനൈറ്റ്. ഇന്നിപ്പോൾ ഇൽമനൈറ്റ് വിദേശ രാജ്യങ്ങളിലേക്ക് നാം കയറ്റുമതി ചെയ്യുകയാണ്. ഏതാണ്ട് ശരാശരി 25,000 ടണ്ണോളം ഇൽമനൈറ്റ് നാം കയറ്റുമതി ചെയ്യുന്നു. ഇൽമനൈറ്റ് ഒരു ടണ്ണിന് നമുക്ക് ലഭിക്കുന്നത് ശരാശരി 2,914 രൂപ ആണ്. എന്നാൽ ഈ ഇൽമനൈറ്റിൽ നിന്നും വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കുകയാണെങ്കിൽ ഇതിൽ നിന്നും ഉണ്ടാകുന്നത് സിന്തറ്റിക് റൂട്ടേൽ ആണ്. ആ സിന്തറ്റിക് റൂട്ടൈലിന് 16,882 രൂപയാണ്, ഒരു ടണ്ണിന്റെ വില. ഈ 2000-ാമാണ്ടിൽ 3,80,000 ടണ്ണിന്റെ കുറവ് ആഗോള മാർക്കറ്റിൽ സിന്തറ്റിക് റൂട്ടൈലിന് ഉണ്ടാകാൻ ഇടയുണ്ട്. നമ്മുടെ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ഈ ഇൽമനൈറ്റ് ഉപയോഗിച്ച് സിന്തറ്റിക് റൂട്ടൈൽ ഉണ്ടാക്കുകയാണെങ്കിൽ കോടിക്കണക്കിന് രൂപ സമ്പാദിക്കാനും അതുപോലെതന്നെ പതിനായിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാനും കഴിയുന്ന ഒരു മേഖലയാണ്. ഈ സിന്തറ്റിക് റൂട്ടൈലിൽ നിന്ന് പിന്നീടും വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കാം: ടൈറ്റാനിയം പിഗ്മെന്റ്. ടൈറ്റാനിയം പിഗ്മെന്റിനു ഒരു ടണ്ണിന് ഒരു ലക്ഷം രൂപയാണ് വില. അതിനും ആഗോള മാർക്കറ്റിൽ വലിയ ഡിമാന്റ് ആണ്. നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ലഭ്യമായിട്ടുള്ള ഈ ഇൽമനൈറ്റ് ഉപയോഗിച്ച് വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കാൻ കഴിയുന്നില്ല. വളരെ കുറച്ച് മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. ഇത് പൂർണ്ണമായും ഗവൺമെന്റിന് മാത്രമായി ചെയ്യാൻ കഴിയും എന്ന് ഞാൻ കരുതുന്നില്ല. അതിനുള്ള സാമ്പത്തികശേഷി ഗവൺമെന്റിനില്ല. ഈ രംഗത്ത് സംയുക്ത മേഖല കെ.എസ്.ഐ.ഡി.സി.യെയും കെ.എം.എം.എൽ.നെയും ഐ.ആർ.ഇ.യെയും അതുപോലെ സ്വകാര്യ സംരംഭകരെയും ഉൾപ്പെടുത്തിക്കൊണ്ട് ഇത് പൂർണ്ണമായും ഉപയോഗപ്പെടുത്താനും ടാപ്പ് ചെയ്യാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഇത് ഗവൺമെന്റിന് എന്തെങ്കിലും നയപരമായ പ്രയാസമുണ്ടെങ്കിൽ ആറാട്ടുപുഴ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ഇൽമനൈറ്റ് ഉപയോഗിച്ച് പൊതുമേഖലയിൽ വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉണ്ടാക്കേണ്ട ശ്രമം ആരംഭിക്കാൻ ഗവൺമെന്റ് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കൊച്ചിൻ മിനറൽ റൂട്ടൈൽ എന്ന സ്ഥാപനം ഗവൺമെന്റിന്റെ പങ്കാളിത്തത്തോടുകൂടി ആറാട്ടുപുഴയിൽ ഒരു ഇൽമനൈറ്റ് പ്ലാന്റും സിന്തറ്റിക് റൂട്ടൈൽ പ്ലാന്റും നിർമ്മിക്കുന്നതിനുള്ള അനുവാദം തേടിയിരുന്നു. സംയുക്തമേഖലയിൽ അങ്ങനെയൊരു സ്ഥാപനം തുടങ്ങേണ്ടതില്ലെന്നാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാട്. ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ മുതൽ ആലപ്പുഴ വരെയുള്ള ധാതുമണൽ ശേഖരത്തിൽ തുടർച്ചയായി ഖനനം ചെയ്യാൻ സാധിക്കുന്ന ഇൽമനൈറ്റ് തുടങ്ങിയ മിനറലുകളുടെ ശേഖരം ഉണ്ട്. കേന്ദ്രഗവൺമെന്റും അറ്റോമിക് എനർജി വകുപ്പും കെ.എം.എം.എൽ-ന്റെ സഹായത്തോടുകൂടി അവിടെ ചില പഠനങ്ങൾ നടത്തിയിരുന്നു. ഇതിനെ അടിസ്ഥാനമാക്കി സാങ്കേതിക വിദഗ്ദ്ധൻമാരുടെ പരിശോധനയ്ക്കും പഠനങ്ങൾക്കുംശേഷം ഇവിടെ ലാഭകരമായി നടത്താൻ സാധിക്കുന്ന ഒരു മിനറൽ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം ആലോചിച്ചു വരികയാണ്. അത് സാങ്കേതികമായും ലാഭകരമായും ഏത് സ്ഥലത്ത് സ്ഥാപിക്കണം എന്നും മറ്റുമുള്ള കാര്യങ്ങൾ കെ.എം.എം.എൽ. പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് കെ.എം.എം.എൽ-ന്റെ തന്നെ മറ്റു രണ്ടു പ്ലാന്റുകൾ ഇപ്പോൾ അടിയന്തിരമായി തുടങ്ങാൻ പോവുകയാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചാൽ ഒരു മിനറൽ പ്ലാന്റും സിന്തറ്റിക് റൂട്ടൈൽ പ്ലാന്റും നിർമ്മിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇത് കൂടാതെ കേരള തീരപ്രദേശത്ത് ധാതുനിക്ഷേപം ഉപയോഗപ്പെടുത്തി സിന്തറ്റിക് റൂട്ടൈൽ നിർമ്മിക്കുന്നതിനുള്ള ഒരു പുതിയ ടെക്നോളജി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് തദ്ദേശീയമായി വികസിപ്പിച്ചിട്ടുണ്ട്. അവരുടെ പുനരുദ്ധാരണ നടപടികൾ അടിയന്തിരമായി നടക്കാൻ പോവുകയാണ്. അത് കഴിഞ്ഞാൽ ഈ സിന്തറ്റിക് റൂട്ടൈൽ ഉപയോഗിച്ച് അതിന് ഒരു സ്ഥാപനം നടത്തുന്ന കാര്യം അവർ പരിശോധിച്ച് വരികയാണ്. ആലപ്പുഴ ജില്ലയിൽ തന്നെയാണ്, പ്രത്യേകിച്ചും ആളുകൾ അധികം താമസിക്കാത്ത സ്ഥലം നോക്കിവേണം ഈ സ്ഥാപനങ്ങൾ തുടങ്ങാൻ; പരിസ്ഥിതി പ്രശ്നങ്ങൾ അടക്കമുള്ളതാണ്. അത് തന്നെയുമല്ല വളരെ സെൻസിറ്റീവ് മിനറൽസ് ഉള്ളതുകൊണ്ട് വളരെ സൂക്ഷിച്ച് ഇപ്പോൾ, പൊതുമേഖലയിൽ മാത്രം ഈ കാര്യം കൈകാര്യം ചെയ്താൽ മതിയെന്നാണ് ഗവൺമെന്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

(6) പത്തനാപുരം-കുണ്ടയം പാലംപണി

ശ്രീ. കെ. പ്രകാശ് ബാബു : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേക്കാണ് ഞാൻ സബ്മിഷൻ അവതരിപ്പിക്കുന്നത്. പത്തനാപുരം, പട്ടാഴി, വടക്കേക്കര പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുണ്ടയം പാലത്തിന്റെ പണി എത്രയും വേഗം പൂർത്തിയാക്കണം എന്നതാണ് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് എനിക്കുള്ള അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly